## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 272** — **01-02-2023 - ൽ മറുപടിയ്ക്ക്**

## പിലാത്തറ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ പിലാത്തറ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് നിലവിൽ പ്രവർത്തിക്കുന്നത് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലാണോ അതോ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിലാണോ എന്ന് അറിയിക്കുമോ; | (എ) | **സർക്കാർ ഉത്തരവ് (സാധാ) നം. 3240/2011/ ആ.ക.വ തീയതി 15/11/2017 പ്രകാരം പിലാത്തറ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണപരവും അക്കാദമിക്കും ആയ നിയന്ത്രണം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്.** |
| (ബി) | അവിടെ നിലവിലുള്ള തസ്തികകൾ ഏതൊക്കെയാണെന്നും പ്രസ്തുത തസ്തികകളിൽ ഒഴിവുകൾ നിലവിലുണ്ടോയെന്നും വ്യക്തമാക്കുമോ; | (ബി) | തസ്തികകളുടേയും ഒഴിവുകളുടേയും വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | അവിടെ ഏതൊക്കെ കോഴ്സുകളാണ് നിലവിലുള്ളതെന്നും പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ ; | (സി) | നിലവിൽ ഈ സ്ഥാപനത്തിൽ ഡിപ്ലോമ ഇൻ മെഡിക്കൽ ലബോറട്ടറി ടെക്നോളജി കോഴ്സ് മാത്രമാണുള്ളത്. |
| (ഡി) | ഇൻസ്റ്റിറ്റ്യൂട്ടിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ഡി) | പിലാത്തറയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനം ശ്രീസ്ഥയിൽ അനുവദിച്ച 75 സെന്റ് സ്ഥലത്ത് പണികഴിപ്പിച്ച പുതിയ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിച്ചിട്ടുണ്ട്. കുട്ടികൾക്കുള്ള ഹോസ്റ്റൽ കെട്ടിടവും ഇവിടെ പണികഴിപ്പിച്ചിട്ടുണ്ട്. കോളേജ് കെട്ടിടവും ഹോസ്റ്റൽ ബ്ലോക്കും 20.02.2021 മുതൽ പുതിയ കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് അനുവദിച്ച 4.55 കോടി രൂപ ഉപയോഗിച്ചാണ് മേൽപ്പറഞ്ഞ കെട്ടിടങ്ങൾ പണികഴിപ്പിച്ചിട്ടുള്ളത്.<br><br>സർക്കാർ ഉത്തരവ് (സാധാ) നം. 974/2022/പട്ടിക ജാതി പട്ടിക വർഗ വികസന വകുപ്പ് തീയതി 19/09/2022 പ്രകാരം ഒരു കോടി എഴുപത്തിമൂന്ന് ലക്ഷം രൂപ ചിലവിൽ ലാബ് വർക്ക്, ചുറ്റുമതിൽ നിർമ്മാണം, ലാബിലേക്കുള്ള ഫർണിച്ചർ, ഹോസ്റ്റലിൽ ടോയ് ലറ്റ് ബ്ലോക്കിന്റെയും വാഷിങ്ങ് |

| | | | |
|---|---|---|---|
| | | | ഏരിയയുടെയും നിർമ്മാണം എന്നിവയ്ക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| തസ്തിക | അനുവദിക്കപ്പെട്ട എണ്ണം | നിലവിൽ ഉള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | മറ്റു വിവരങ്ങൾ |
|---|---|---|---|---|
| അസിസ്റ്റന്റ് പ്രൊഫസർ (എം.എൽ.ടി) | 3 | 3 | – | |
| ട്യൂട്ടർ ടെക്നീഷ്യൻ (എം.എൽ.ടി) | 3 | – | 3 | |
| ലാബ് ടെക്നീഷ്യൻ ഗ്രേഡ് II | 3 | 2 | 1 | ഇവരിൽ ഒരാൾ കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസറുടെ ഉത്തരവ് പ്രകാരം ജോലി ക്രമീകരണ വ്യവസ്ഥയിൽ ജില്ലാ പബ്ലിക്ക് ഹെൽത്ത് ലാബിൽ ജോലി ചെയ്യുന്നത് മൂലം ഉണ്ടായ ഒഴിവ്. |
| എൽ.ഡി ക്ലാർക്ക് | 1 | 1 | – | |
| ലാബ് അസിസ്റ്റന്റ് (ജൂനിയർ) | 1 | 1 | – | |
| ജൂനിയർ സൂപ്രണ്ട് | 1 | 1 | – | |
| ഹെൽപ്പർ | 1 | – | 1 | കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസറുടെ ഉത്തരവ് പ്രകാരം ജോലി ക്രമീകരണ വ്യവസ്ഥയിൽ ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II തസ്തികയിലുള്ള ഒരാൾ ജോലി ചെയ്യുന്നു. |
| പാർട്ട് ടൈം സ്വീപ്പർ | 1 | – | 1 | |

സെക്ഷൻ ഓഫീസർ